**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3358** **11-03-2025 - ൽ മറുപടിയ്ക്ക്**

**പാറശാല മണ്ഡലത്തിലെ പട്ടയ വിതരണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ സി കെ ഹരീന്ദ്രൻ** | | **ശ്രീ. കെ. രാജൻ<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി)** | |
| (എ) | പാറശാല മണ്ഡലത്തിലെ വിവിധ വില്ലേജുകളിൽ പട്ടയം ലഭിക്കുന്നതിനായി കിട്ടിയ അപേക്ഷകളിൽ നിലവിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ എത്രയെന്ന് വ്യക്തമാക്കാമോ; തീർപ്പാക്കാനുള്ള അപേക്ഷകളിന്മേൽ നിലവിൽ കൈക്കൊണ്ടിട്ടുള്ള തീരുമാനം എന്താണെന്നും പ്രസ്തുത അപേക്ഷകൾ തീർപ്പാക്കാൻ ഇനി എന്തെല്ലാം നടപടിക്രമങ്ങളുണ്ടെന്നും അറിയിക്കാമോ; | (എ) | പാറശാല മണ്ഡലത്തിലെ വിവിധ വില്ലേജുകളിൽ പട്ടയം ലഭിക്കുന്നതിനായി കിട്ടിയ അപേക്ഷകളിൽ നിലവിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ പട്ടിക അനുബന്ധം I ആയി ചേർത്തിരിക്കുന്നു.<br><br>തീർപ്പാക്കാനുള്ള പട്ടയം അപേക്ഷകളിൽ, അപേക്ഷകരുടെ അർഹത പരിശോധിച്ച്, ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ, സങ്കീർണ്ണമായിട്ടുള്ള കേസുകളിൽ പട്ടയം മിഷൻ മുഖേന നടപടി സ്വീകരിക്കുന്നതും, സർക്കാരിൽ നിന്ന് പ്രത്യേകം ഉത്തരവുകൾ ലഭ്യമാക്കേണ്ടവയിൽ ആയത് പ്രകാരവും നടപടി സ്വീകരിക്കുന്നതാണ്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാറശാല മണ്ഡലത്തിൽ പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ടോ; എങ്കിൽ വിവിധ വിഭാഗങ്ങളിലായി എത്ര പേർക്കാണ് പട്ടയം നല്കിയതെന്ന് പഞ്ചായത്ത് തിരിച്ച് വ്യക്തമാക്കുമോ; | (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാറശാല മണ്ഡലത്തിൽ 414 പട്ടയങ്ങൾ വിതരണം ചെയ്തിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു. |
| (സി) | കൈവശഭൂമിക്ക് നിയമപരമായി പട്ടയം ലഭിക്കാൻ അർഹതയുള്ളവർക്ക് ആയത് എത്രയും വേഗത്തിൽ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ? | (സി) | സർക്കാർ ഭൂമി കൈവശംവച്ചനുഭവിച്ചു വരുന്നവർക്ക് അവരുടെ അർഹത പരിശോധിച്ചും, ഭൂമി പതിവ് ചട്ടങ്ങൾക്ക് അനുസൃതമായും എൽ.എ റിക്കാർഡുകൾ തയ്യാറാക്കി താലൂക്ക് തഹസിൽദാർ പട്ടയം അനുവദിച്ചു വരുന്നു. എന്നാൽ ഭൂമിയുടെ ഇനം മാറ്റി പതിവിനു വിധേയമാക്കേണ്ട കേസുകളിൽ ജില്ലാ കളക്ടർ മുഖേന നടപടി സ്വീകരിച്ചും, സങ്കീർണ്ണമായിട്ടുള്ള കേസുകളിൽ പട്ടയം മിഷൻ മുഖേന നടപടി സ്വീകരിച്ചും, സർക്കാർ ഉത്തരവ് ലഭ്യമാക്കേണ്ട കേസുകളിൽ ആയത് പ്രകാരം നടപടി സ്വീകരിച്ചും പട്ടയം നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ

# അനുബന്ധം - I

| വില്ലേജ് | അപേക്ഷകളുടെ എണ്ണം | റിമാർക്സ് |
|---|---|---|
| ഒറ്റശേഖരമംഗലം | 31 | ഇവയിൽ 4 അപേക്ഷകൾ കുളം പുറമ്പോക്കിൽ ഉൾപ്പെട്ടതാണ്. ആയതിനാൽ ടി ഭൂമി ഇനംമാറ്റുന്നതിനുള്ള സർക്കാർ ഉത്തരവിനായി നടപടികൾ സ്വീകരിച്ച് വരുന്നു. മറ്റ് അപേക്ഷകളിൽ പതിവ് നടപടികൾ സ്വീകരിച്ചുവരുന്നു. |
| കീഴാറൂർ | 35 | ഇവയിൽ 15 അപേക്ഷകൾ കുളം പുറമ്പോക്കിലുൾപ്പെട്ടതും, 3 എണ്ണം പഞ്ചായത്ത് റോഡ് പുറമ്പോക്കിലുൾപ്പെട്ടതുമാണ്. ആയതിനാൽ ടി ഭൂമിയുടെ ഇനംമാറ്റം നടത്തുന്നതിനുള്ള സർക്കാർ ഉത്തരവിനായി നടപടികൾ സ്വീകരിച്ച് വരുന്നു. മറ്റ് അപേക്ഷകളിൽ പതിവ് നടപടികൾ തുടർന്നു വരുന്നു. |
| വാഴിച്ചൽ | 358 | ഇവയിൽ, അഞ്ചുചങ്ങല പ്രദേശത്ത് ഉൾപ്പെട്ടു വരുന്ന ഭൂമി പതിവിന് വിധേയമാക്കുന്നത് സർക്കാർ പരിഗണനയിലാണ്. മറ്റുള്ള അപേക്ഷകളിൽ പതിവ് നടപടി സ്വീകരിച്ചു വരുന്നു. |
| കള്ളിക്കാട് | 35 | ലഭ്യമായ അപേക്ഷകളിൽ 1 അപേക്ഷ പഞ്ചായത്ത് വഴി പുറമ്പോക്ക് ആണ്. ആയത് ഇനംമാറ്റം നടത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. സർക്കാർ ഉത്തരവ് ലഭ്യമാക്കാൻ വിവരങ്ങൾ സർക്കാരിലേക്ക് അയച്ച് നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. 14 എണ്ണം അഞ്ചുചങ്ങല പട്ടയം, ആയത് സർക്കാർ പരിഗണനയിലാണ്. മറ്റുള്ള അപേക്ഷകളിൽ പതിവ് നടപടി സ്വീകരിച്ചു വരുന്നു. |
| അമ്പൂരി | 181 | 164 എണ്ണം അഞ്ചുചങ്ങല പട്ടയം, |

| | | |
|---|---|---|
| | | ആയത് സർക്കാർ പരിഗണനയിലാണ്. മറ്റുള്ള അപേക്ഷകളിൽ പതിവ് നടപടി സ്വീകരിച്ചുവരുന്നു. |
| കുന്നത്തുകാൽ | 24 | പ്രസ്തുത അപേക്ഷകളിൽ സർവ്വെ നടപടികളും എൽ.എ റിക്കാർഡുകൾ തയ്യാറാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| വെള്ളറട | 138 | പ്രസ്തുത അപേക്ഷകളിൽ സർവ്വെ നടപടികളും എൽ.എ റിക്കാർഡുകൾ തയ്യാറാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. |
| പരശ്ശുവയ്ക്കൽ | 22 | പ്രസ്തുത അപേക്ഷകളിൽ സർവ്വെ നടപടികളും എൽ.എ റിക്കാർഡുകൾ തയ്യാറാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| കൊല്ലയിൽ | 60 | പ്രസ്തുത അപേക്ഷകളിൽ സർവ്വെ നടപടികളും എൽ.എ റിക്കാർഡുകൾ തയ്യാറാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. |
| പാറശ്ശാല | 5 | പ്രസ്തുത അപേക്ഷകളിൽ സർവ്വെ നടപടികളും എൽ.എ റിക്കാർഡുകൾ തയ്യാറാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചു വരുന്നു. |
| ആനാവൂർ | 1 | പ്രസ്തുത അപേക്ഷകളിൽ സർവ്വെ നടപടികളും എൽ.എ റിക്കാർഡുകൾ തയ്യാറാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. |
| പൊരുങ്കടവിള | 13 | പ്രസ്തുത അപേക്ഷകളിൽ സർവ്വെ നടപടികളും എൽ.എ റിക്കാർഡുകൾ തയ്യാറാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ച് വരുന്നു. |

# അനുബന്ധം - 2

| വില്ലേജ് | പഞ്ചായത്ത് | വിഭാഗങ്ങൾ | | | | ആകെ |
|---|---|---|---|---|---|---|
| | | ജനറൽ | ഒ.ബി.സി | എസ്.സി | എസ്.റ്റി | |
| വാഴിച്ചൽ | അമ്പൂരി കള്ളിക്കാട് | 2 | 12 | 2 | 0 | 16 |
| അമ്പൂരി | അമ്പൂരി | 1 | 17 | 1 | 1 | 20 |
| ഒറ്റശേഖരമംഗലം | ഒറ്റശേഖരമംഗലം | 10 | 46 | 8 | 0 | 64 |
| കീഴാറ്റൂർ | അര്യങ്കോട് | 0 | 21 | 11 | 0 | 32 |
| കള്ളിക്കാട് | കള്ളിക്കാട് | 7 | 87 | 1 | 0 | 95 |
| വെള്ളറട | വെള്ളറട | 1 | 24 | 1 | 0 | 26 |
| പരശ്ശുവയ്ക്കൽ | പാറശ്ശാല | 22 | 1 | 15 | 0 | 38 |
| പാറശ്ശാല | പാറശ്ശാല | 2 | 2 | 0 | 0 | 4 |
| പൊരുങ്കടവിള | പൊരുങ്കടവിള | 0 | 9 | 0 | 0 | 9 |
| കുന്നത്തുകാൽ | കുന്നത്തുകാൽ | 9 | 78 | 6 | 0 | 93 |
| കൊല്ലയിൽ | കൊല്ലയിൽ | 8 | 3 | 6 | 0 | 17 |
| ആകെ | | 62 | 300 | 51 | 1 | 414 |